# പതിനാലാം കേരള നിയമസഭ
# (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2325** **06/10/2016-ൽ മറുപടിയ്ക്ക്**

<u>ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച്</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി: | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ചാലക്കുടി മുനിസിപ്പാലിറ്റി വക സ്ഥലത്ത് ആധുനിക മത്സ്യ മാർക്കറ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; | എ) ചാലക്കുടി നഗരസഭയിൽ ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിന്റെ സാധ്യത പഠിക്കാൻ തൃശ്ശൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ , തീരദേശ വികസന കോർപറേഷൻ അസിസ്റ്റന്റ് എഞ്ചിനിയർ എന്നിവർ നിലവിലുള്ള മാർക്കറ്റ് 06/09/2016-ന് സന്ദർശിക്കുകയും ബന്ധപ്പെട്ട അധികൃതരുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്.<br>മത്സ്യ/മാംസ/പച്ചക്കറി വിപണന സൗകര്യങ്ങളടങ്ങുന്ന മുഴുവൻ മാർക്കറ്റ് സജ്ജീകരണത്തിന് Detailed Project Report തയ്യാറാക്കി നൽകുന്നതിനാണ് മുനിസിപാലിറ്റി ആവശ്യപ്പെട്ടിട്ടുള്ളത്. അതിൽ മത്സ്യമാർക്കറ്റിന് എത്ര സ്ഥലം ലഭ്യമാക്കാമെന്ന് കാണിച്ചുകൊണ്ടുള്ള ചാലക്കുടി മുനിസിപാലിറ്റി കൗൺസിൽ തീരുമാനം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) ചാലക്കുടി തുമ്പൂർമുഴിയിൽ വിനോദസഞ്ചാര കേന്ദ്രത്തിൽ ഒരു ആധുനിക അക്വേറിയം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ? | ബി) ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനിയറുടെ സാന്നിദ്ധ്യത്തിൽ മേൽപറഞ്ഞ സംഘം 06.09.2016 - ന് തുമ്പൂർ മുഴി സന്ദർശിക്കുകയും, ആധുനിക അക്വേറിയം നിർമ്മിക്കാൻ അനുയോജ്യമായ സ്ഥലം തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി സ്ഥലം ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതാണ്. അക്വേറിയം നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഇറിഗേഷൻ വകുപ്പിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**